**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2178 — 22.01.2014 ൽ മറുപടിയ്ക്ക്

**ജനകീയപങ്കാളിത്തത്തോടെ പരിസ്ഥിതി സംരക്ഷണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ജനങ്ങളുടെ ആവാസവ്യവസ്ഥയെയും, കൃഷിയെയും, ദൈനംദിന ജീവിത വ്യാപാരങ്ങളെയും ബാധിക്കാതെ ജനകീയ പങ്കാളിത്തത്തോടെ പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കാൻ സർക്കാർ തയ്യാറാകുമോ; | (എ) സാദ്ധ്യമായ പ്രദേശങ്ങളിൽ ജനകീയ പങ്കാളിത്തത്തോടെയുള്ള പരിസ്ഥിതി സംരക്ഷണം നടപ്പാക്കണം എന്നാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) പശ്ചിമഘട്ട സംരക്ഷണത്തിന് ഡോ.കസ്തൂരിരംഗൻ സമിതി റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം കേന്ദ്രസർക്കാർ പുറപ്പെടുവിച്ച രണ്ടു വിജ്ഞാപനങ്ങളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ; | (ബി) നിലവിൽ പ്രാബല്യത്തിലുള്ള ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (സി) ആദ്യവിജ്ഞാപനത്തിലെ ഏതെല്ലാം ഖണ്ഡികകൾ ഇപ്പോഴും യാതൊരു മാറ്റവുമില്ലാതെ നിലനിൽക്കുന്നുണ്ട്; അതിന്മേലുള്ള ജനങ്ങളുടെ ആശങ്ക വിശദമാക്കുമോ? | (സി) 19.10.2013 ൽ പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടത്തിലെ ഖണ്ഡിക 1, 2 (i), (ii), (iii), (iv), (v), (vi), (viii), (ix), 5, 6 എന്നിവ ഏറ്റവും അവസാനം പുറപ്പെടുവിച്ച 20.12.2013 ലെ ഓഫീസ് മെമ്മോറാണ്ടത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്.<br>ഇവയിൽ ചുവപ്പു വിഭാഗത്തിൽപ്പെട്ട ആശുപത്രികൾ, ഡയറി ഫാമുകൾ എന്നിവയൊഴികെയുള്ളവ ജനജീവിതത്തെ സാധാരണഗതിയിൽ ബാധിക്കാനിടയുള്ളവയല്ല. ഏർപ്പെടുത്തിയിരിക്കുന്ന നിബന്ധനകൾ ജനജീവിതത്തെ ബാധിക്കുന്നതല്ല എന്ന് 20.12.2013 ലെ ഓഫീസ് മെമ്മോറാണ്ടത്തിന്റെ 4-ാം ഖണ്ഡികയിൽ കേന്ദ്ര സർക്കാർ സ്പഷ്ടമാക്കി. യിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**